പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.335 27-02-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.അബ്ദുൽ ഹമീദ് പി. ഡോ.ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ചെലവുചുരുക്കൽ**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ മോശമായ ധനസ്ഥിതി കണക്കിലെടുത്ത് ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി ഉടർന്ന വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിലേയ്ക്കായി ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല, കൂടാതെ മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ മറികടക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതൊക്കെ തരം ചെലവുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | |

അക്കൗണ്ട്സ് ഓഫീസർ